പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 288 08.11.2019-ലെ മറുപടിക്ക്

## വിരമിച്ച കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ജപ്തി നോട്ടീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>" പി.ടി. തോമസ്<br>" എം. വിൻസെന്റ്<br>" വി.ടി.ബൽറാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശമ്പളത്തിൽ നിന്നും വായ്പാ തുക പിടിച്ചശേഷം കെ.എസ്.ആർ. ടി.സി. അത് ധനകാര്യ സ്ഥാപനങ്ങളിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തതും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ജപ്തി നോട്ടീസ് വരുവാനുമുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ; | (എ) | കോർപ്പറേഷന്റെ ദിവസ വരുമാനത്തിൽ നിന്നും മിച്ചം പിടിക്കുന്നതും സർക്കാർ വായ്പാ ധനസഹായവും ചേർത്ത് കിട്ടുന്ന തുക ഉപയോഗിച്ച് നെറ്റ് ശമ്പളം മാത്രമാണ് നൽകി വരുന്നത്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വിവിധ ഇനത്തിൽ ഈടാക്കുന്ന തുക കോർപ്പറേഷൻ മാറ്റി വെക്കുകയോ, വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നില്ല. ഒരു മാസത്തെ ജീവനക്കാരുടെ മൊത്ത ശമ്പളവും, വേതനവും നൽകാൻ ശരാശരി 84 കോടി രൂപ വേണ്ടി വരും. ദൈനംദിന നടത്തിപ്പ് ചെലവുകളും കൺസോർഷ്യം വായ്പാ തിരിച്ചടവ്, പെൻഷൻ ആനുകൂല്യങ്ങൾ, സ്പെയർ പാർട്സ്, എം.എ.സി.ടി., ഇൻഷ്വറൻസ് തുടങ്ങിയ ഒഴിവാക്കാൻ കഴിയാത്ത ചെലവുകളും കഴിച്ചാൽ മിച്ചം വെക്കാൻ കഴിയുന്ന തുക ഉപയോഗിച്ച് മൊത്ത ശമ്പളം നൽകുവാൻ സാധിക്കാത്ത അവസ്ഥയാണ് കോർപ്പറേഷനുള്ളത്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന എൽ.ഐ.സി. പ്രീമിയം തുക 2018 മാർച്ച് വരെയും 2018 നവംബർ, ഡിസംബർ എന്നീ മാസങ്ങളിലേയും, 2019 ഫെബ്രുവരി മുതൽ ഏപ്രിൽ മാസങ്ങളിലേയും അടച്ച് തീർത്തിട്ടുണ്ട്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിലേക്ക് നൽകുന്നതിനുള്ള തുകകളിൽ 2018 നവംബർ, ഡിസംബർ, 2019 ഫെബ്രുവരി മുതൽ ഏപ്രിൽ മാസങ്ങളിലേയും ഉള്ള തുകകൾ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് മാസം മുതൽ വിരമിച്ച ജീവനക്കാരുടെ എൽ.ഐ.സി. പ്രീമിയം, മറ്റ് ധനകാര്യ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ എന്നിവയിലേക്ക് അടയ്ക്കുന്നതിനുള്ള തുകകൾ ഒറ്റത്തവണയായി അടച്ച് തീർത്തുവരുന്നു. ജീവനക്കാരുടെ ശമ്പളത്തിന്റെ ഭാഗമായി നൽകുവാനുള്ള തുകകൾ വരുമാനത്തിന്റെ ലഭ്യതക്കനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്. |
| (ബി) | ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണ്; വ്യക്തമാക്കുമോ; | (ബി) | ബഹു. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ശ്രീ. എം.എസ്. രവികുമാർ, റിട്ടയേർഡ് ചാർജ്മാൻ ഫയൽ ചെയ്ത പരാതിയിൽ ബഹു.കമ്മീഷന്റെ 17.9.2019 തീയതിയിലുള്ള HRMP No. 4915/11/12/2019 നമ്പർ ഉത്തരവിൽ പരാതിക്കാരന്റെ ശമ്പളത്തിൽ നിന്നും കോർപറേഷൻ വായ്പാ തിരിച്ചടവ് ഇനത്തിൽ ഈടാക്കിയ തുക പലിശ സഹിതം രണ്ട് ആഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുവാൻ നിർദേശം ഉണ്ടായി. റിക്കവറി തുക ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കുന്നതിന് മതിയായ സാവകാശം നൽകണമെന്നുകാട്ടി ബഹു. കമ്മീഷൻ മുമ്പാകെ കോർപറേഷൻ പുനഃപരിശോധനാ ഹർജി നൽകിയിട്ടുള്ളതാണ്. അതുപോലെ തന്നെ ശ്രീ.കെ.കെ. രാജൻ, റിട്ടയേർഡ് സ്റ്റേഷൻ മാസ്റ്റർ ബഹു. മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്ത പരാതിയിലും ബഹു. കമ്മീഷന്റെ HRMP 340/11/07/19 നമ്പർ ഉത്തരവിൽ പരാതിക്കാരന്റെ പരാതി പരിഹരിച്ച് നടപടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ബഹു. കമ്മീഷൻ ഉത്തരവായിട്ടുള്ളതും ടി ഹർജി 04.11.2019 ൽ കോട്ടയം ക്യാമ്പ് സിറ്റിംഗിൽ പരിഗണിക്കുന്നതുമാണ്. |
| (സി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വായ്പാ തുക കൃത്യമായി ധനകാര്യ സ്ഥാപനങ്ങളിൽ അടയ്ക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (സി) | ജീവനക്കാരുടെ ശമ്പളത്തിന്റെ ഭാഗമായി നൽകുവാനുള്ള തുകകൾ വരുമാനത്തിന്റെ ലഭ്യതക്കനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**